# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## ദൈവവചനം സൂക്ഷിക്കേണ്ടത് അലമാരിയിലല്ല, ഹൃദയത്തിലാണെന്ന് പാപ്പ



കുടുംബങ്ങൾ ദൈവവചനം സൂക്ഷിച്ചുവയ്ക്കേണ്ടത് അവരവരുടെ കൈകളിലാ യിരിക്കണമെന്ന് ഫ്രാൻസീസ് പാപ്പാ പറയുന്നു. ഒരിക്കലും അലമാരകളിൽ സൂക്ഷി ക്കേണ്ട ഒന്നല്ല അതെന്നും പാപ്പാ കൂട്ടിച്ചേർത്തു. ഒരു കുടുംബത്തിന് വിശ്വാസത്തോടും പ്രതീക്ഷയോടും കൂടി മുന്നോട്ട് പോകണമെങ്കിൽ ബൈബിളിനെ നിർബന്ധമില്ലാത്ത ഒന്നായി പരിഗണിക്കരുതെന്നും പാപ്പാ പറഞ്ഞു.

ബിഷപ്പുമാരുടെ അസാധാരണസിനഡിന് ആരംഭംകുറിച്ച് പാപ്പാ അർപ്പിച്ച വിശുദ്ധബലിയിൽ പങ്കെടുക്കാനെത്തിയ വിശ്വാസികളോട് സംസാരിക്കുകയായിരുന്നു ഫ്രാൻസീസ്പാപ്പാ."ദൈവവചനത്താൽ പരിപോഷിപ്പിക്കപ്പെടുമ്പോഴാണ് കുടുംബങ്ങ ൾക്ക് വിശ്വാസത്തോടും പ്രതീക്ഷയോടുംകൂടി മുന്നോട്ടുനീങ്ങാൻ കഴിയുന്നത്" പാപ്പാ പറഞ്ഞു.

"സുവിശേഷവത്ക്കരണത്തിൽ കുടുംബം നേരിടുന്ന വെല്ലുവിളികൾ" എന്ന വി ഷയത്തെ ആധാരമാക്കിയാണ് ബിഷപ്പുമാരുടെ അസാധാരണസിനഡ് സംഘടിപ്പി ച്ചിരിക്കുന്നത്. ദൈവരാജ്യത്തിന്റെ മുന്തിരിത്തോട്ടത്തോടാണ് പാപ്പാ കുടുംബത്തെ ഉപ മിക്കുന്നത്. ക്ഷമയോടും വിശ്വസ്തമായ സ്നേഹത്തോടുംകൂടി പരിപാലിക്കപ്പെടേണ്ടവ യാണ് കുടുംബങ്ങൾ. അപ്പോൾ ദൈവം ഒപ്പം പ്രവർത്തിക്കും. ദൈവത്തിന്റെ മുന്തിരി ത്തോട്ടം പരിപാലിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ടവരാണ് മെത്രാൻമാർ. സ്നേഹ ത്തോടും ക്ഷമയോടുംകൂടി കുടുംബമാകുന്ന മുന്തിരിത്തോട്ടത്തെ പരിപാലിക്കുമ്പോൾ ദൈവരാജ്യത്തിന് സമൃദ്ധമായ വിളവ് ലഭിക്കും.

വിശുദ്ധഗ്രന്ഥം അലമാരിയിൽ സൂക്ഷിക്കേണ്ടതല്ല. എല്ലാ ദിവസവും കുടുംബങ്ങ ളിൽ ബൈബിൾ വായിക്കണമെന്നും പാപ്പാ ഉദ്ബോധിപ്പിച്ചു. പ്രാർത്ഥനയിൽ സംബ ന്ധിച്ച എല്ലാവർക്കും പാപ്പ ബൈബിൾ സമ്മാനമായി നൽകി.